## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 831 25.01.2018-ൽ മറുപടിയ്ക്ക്

### കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എസ്.ടി പ്രമോട്ടർമാരുടെ ക്ഷാമം

ചോദ്യം
ശ്രീ.ജോർജ് എം. തോമസ്

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക വിഭാഗത്തിലുള്ള രോഗികളുടെ സഹായത്തിനും സേവനത്തിനുമായി കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് എസ്.ടി പ്രമോട്ടർമാരില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 4 ഹെൽത്ത് പ്രൊമോട്ടർമാരെയാണ് നിയമിച്ചിരിക്കുന്നത്. ആവശ്യത്തിന് പ്രൊമോട്ടർമാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ നിന്ന് 2 ഹെൽത്ത് പ്രൊമോട്ടർമാരെ കൂടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിൽ 36 എസ്.റ്റി പ്രൊമോട്ടർമാരും 10 ഹെൽത്ത് പ്രൊമോട്ടർമാരുമാണുള്ളത്. ആയതിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ 6 പേരെയും, കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 2 പേരെയും, താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ 2 പേരെയും ഹെൽത്ത് പ്രൊമോട്ടറായി നിയമിച്ചിട്ടുണ്ട്. |
| ബി) | നിലവിൽ എത്ര എസ്.ടി പ്രമോട്ടർമാരുണ്ടെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| സി) | എസ്.ടി പ്രമോട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ആവശ്യമായി വരുന്ന സാഹചര്യത്തിൽ എസ്.റ്റി പ്രൊമോട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ